## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2579      09.07.2015-ൽ മറുപടിയ്ക്ക്

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി - ആറളം പുനരധിവാസം

<u>ചോദ്യം</u>

ശ്രീ.കെ.രാധാകൃഷ്ണൻ
,, കെ.വി.വിജയദാസ്
,, കെ.കുഞ്ഞിരാമൻ (ഉദുമ)
,, എസ്.രാജേന്ദ്രൻ

<u>മറുപടി</u>

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം അനുവദിച്ച ഭൂമി സംബന്ധിച്ച് വ്യാപകമായ പരാതി ഉയർന്നുവന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള ഭൂമി സംബന്ധിച്ച് വ്യാപകമായ പരാതികൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ആറളം പുനരധിവാസ മേഖലയിൽ ഭൂരഹിതർക്കായി ഭൂമി അനുവദിക്കുകയുണ്ടായോ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ആറളം പുനരധിവാസ മേഖലയിൽ ഭൂമി അനുവദിച്ചിട്ടില്ല. |
| (സി) | ഈ പ്രദേശത്തെ പട്ടികവർഗ്ഗമേഖലയായി പ്രഖ്യാപിക്കുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | പ്രസ്തുത പദ്ധതി പ്രകാരം ഭൂമി പതിവ് നടപടികൾക്കായി ഏതെങ്കിലും പ്രദേശത്തെ പ്രത്യേക മേഖലയായി പ്രഖ്യാപനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ഡി) | ആയതുകാരണം ഈ പ്രദേശത്തെ ഭൂമി വിതരണം കോടതി തടഞ്ഞിട്ടുണ്ടോ; | ഇല്ല |
| (ഇ) | സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളിലും, ഈ പദ്ധതി പ്രകാരം അനുവദിച്ച ഭൂമി കണ്ടെത്താൻ കഴിയാത്തതും, കണ്ടെത്തിയ ഭൂമി ഉപയോഗശൂന്യമായതും കാരണം ഭൂമിക്ക് അർഹരായവർ കബളിക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | വീട് വയ്ക്കാൻ അനുയോജ്യമായ സർക്കാർ ഭൂമികൾ തെരഞ്ഞെടുത്താണ് പദ്ധതിക്ക് ഉപയോഗിക്കുന്നത്.കോടതി കേസുകൾ മുഖേനയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എതിർപ്പുകൾ മുഖേനയോ അനുവദിച്ച ഭൂമി കൈമാറാൻ കഴിയാത്ത സാഹചര്യം ചില സ്ഥലങ്ങളിൽ ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ